**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 463** **16-03-2023 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ ക്രമക്കേട് സംബന്ധിച്ച പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം തട്ടിയെടുക്കുന്നതിനായി ഉദ്യോഗസ്ഥരും ഏജന്റുമാരും ഡോക്ടർമാരും അടങ്ങിയ സംഘം സംസ്ഥാനത്ത് വ്യാപകമായി പ്രവർത്തിക്കുന്നതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | 25.05.2016 ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ 29,930 പേരുടെ അപേക്ഷകളിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിച്ചിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തുക അനുവദിക്കപ്പെടാത്തതായി ഉണ്ടായിരുന്നു. 2016 ജൂൺ മാസം മുതൽ തന്നെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾക്കായി വെബ് സൈറ്റ് മുഖേനയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ, നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്ന സംവിധാനം ഏർപ്പെടുത്തി.<br><br>അപേക്ഷ പരിശോധിച്ച് ആവശ്യമായ രേഖകൾ ഉണ്ടോ എന്ന് വിലയിരുത്തേണ്ടത് വില്ലേജ് ഓഫീസർമാരാണ്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളിൽ പോരായ്മകൾ ഉണ്ടെങ്കിലോ മറ്റ് ന്യൂനതകൾ ഉണ്ടെങ്കിലോ അവ പരിഹരിച്ച് വിവരങ്ങൾ ശേഖരിച്ച് പോർട്ടലിലൂടെ അയക്കുകയും അവ ബന്ധപ്പെട്ട കളക്ടർമാർ ശിപാർശ ചെയ്യുന്ന ഓൺലൈൻ സംവിധാനം ആ ഘട്ടത്തിൽ തന്നെ ഏർപ്പെടുത്തി. ഇന്ന് ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി. അർഹരായവർക്ക് 100 മണിക്കൂറിനുള്ളിൽ സഹായധനം കൈമാറുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.<br><br>ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ലഭിച്ചതിൽ ചിലതെങ്കിലും യഥാർത്ഥ അപേക്ഷകൻ തയ്യാറാക്കിയവ അല്ലായെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അനർഹർ നേടിയെടുക്കുന്നതായ |

| | | | |
|---|---|---|---|
| | | | സംശയത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം വിജിലൻസ് എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും ബന്ധപ്പെട്ട സെക്ഷനുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി.<br><br>പരിശോധനയിൽ ചില ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തിയിരുന്നു. അതേ തുടർന്നുള്ള വിശദമായ പരിശോധനകൾ നടന്നു വരികയാണ്. |
| (ബി) | ഇത്തരം തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | 25.05.2016 ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ 29,930 പേരുടെ അപേക്ഷകളിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിച്ചിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തുക അനുവദിക്കപ്പെടാത്തതായി ഉണ്ടായിരുന്നു. 2016 ജൂൺ മാസം മുതൽ തന്നെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾക്കായി വെബ് സൈറ്റ് മുഖേനയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ, നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്ന സംവിധാനം ഏർപ്പെടുത്തി.<br><br>അപേക്ഷ പരിശോധിച്ച് ആവശ്യമായ രേഖകൾ ഉണ്ടോ എന്ന് വിലയിരുത്തേണ്ടത് വില്ലേജ് ഓഫീസർമാരാണ്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളിൽ പോരായ്മകൾ ഉണ്ടെങ്കിലോ മറ്റു ന്യൂനതകൾ ഉണ്ടെങ്കിലോ അവ പരിഹരിച്ച് വിവരങ്ങൾ ശേഖരിച്ച് പോർട്ടലിലൂടെ അയക്കുകയും അവ ബന്ധപ്പെട്ട കളക്ടർമാർ ശിപാർശ ചെയ്യുന്ന ഓൺലൈൻ സംവിധാനം ആ ഘട്ടത്തിൽ തന്നെ ഏർപ്പെടുത്തി. ഇന്ന് ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി. അർഹരായവർക്ക് 100 മണിക്കൂറിനുള്ളിൽ സഹായധനം കൈമാറുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.<br><br>ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ലഭിച്ചതിൽ ചിലതെങ്കിലും യഥാർത്ഥ അപേക്ഷകൻ തയ്യാറാക്കിയവ അല്ലായെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അനർഹർ നേടിയെടുക്കുന്നതായ സംശയത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം വിജിലൻസ് എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും ബന്ധപ്പെട്ട സെക്ഷനുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | പരിശോധനയിൽ ചില ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തിയിരുന്നു. അതേ തുടർന്നുള്ള വിശദമായ പരിശോധനകൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ